MATHRUBHUMI - 20-11-2025

മത്സ്യക്കൃഷിയുടെ വിജയമുഖം

റിജ ബിജു

തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ അഴീക്കോടു സ്വദേശികളായ 4 യുവാക്കൾ അഴീക്കോടു മുനക്കൽ ബീച്ചിൽ അഴിമുഖ കവാടത്തിൽ നടത്തുന്ന കുടുമത്സ്യക്കൃഷി മീൻ വളർത്തലിൽ ശ്രദ്ധേയ ചുവടുവയ്പാകുന്നു. അഴീക്കോടു പനുപനയ്ക്കൽ രസാഖും സുഹൃത്തുക്കളായ സുമേഷ്, സജീർ, അനീഷ് എന്നിവരും ചേർന്നാണു കടലിനോടു ചേർന്ന അഴിമുഖത്തു വിജയകരമായി കുടുമത്സ്യക്കൃഷി ചെയ്യുന്നത്. മഴക്കാലത്തു പുഴയോരത്തെ വെള്ളത്തിൽ, ഉപ്പിന്റെ അംശം, നല്ല വെള്ളം കയറിതിരെ ഇല്ലാതാവും. ഇതു മീനുകൾ ചത്തു പോവുന്നതിനു കാരണമാകും. കേരളത്തിൽ 6 മാസവും മഴ പെയ്യുന്നതിനാൽ പുഴയിൽ ആ സമയത്തു മത്സ്യക്കൃഷി ലാഭകരമല്ല. എന്നാൽ കടലിനോടു ചേർന്നുള്ള അഴിമുഖത്തു വെള്ളത്തിന് ഉപ്പിന്റെ അംശം കൂടുതലാണ്. മഴക്കാലത്ത് ഇതു നഷ്ടപ്പെടുന്നില്ല. അതിനാൽ വർഷം മുഴുവൻ മത്സ്യക്കൃഷി ചെയ്യാൻ തടസ്സമില്ല എന്നതാണ് അഴിമുഖത്തു കുടുമത്സ്യക്കൃഷി ചെയ്യുന്നതു മുഖ്യമുള്ള ഗുണം.

തുടക്കമിട്ടതു രസാഖ് ആയിരുന്നു. വർഷങ്ങളോളം ദുബായിൽ അലുമിനിയം ഫാബ്രിക്കേറ്റർ ആയി ജോലി ചെയ്യുമ്പോഴും ഉപ്പു നിറഞ്ഞ കടൽക്കാറ്റും മീൻ പിടിത്തവും ഗൃഹാതുരതമായി രസാഖിന്റെ ഉള്ളിലുണ്ടായിരുന്നു. ദുബായിലെ ജോലി ഉപേക്ഷിച്ചു നാട്ടിലെത്തി 5 വർഷത്തോളം അലുമിനിയം ഫാബ്രിക്കേഷൻ ജോലി തന്നെ ചെയ്തപ്പോഴും മീൻപിടിത്തം ഹരമായിരുന്നു. ഒഴിവുള്ള സമയത്തു സുഹൃത്തുക്കളോടൊപ്പം മീൻ പിടിക്കാൻ പോവും. അങ്ങനെയിരിക്കെയാണ് പഞ്ചായത്തിന്റെ 'ഒരു ജാലം- കുടുമത്സ്യക്കൃഷി' പദ്ധതിയെക്കുറിച്ച് അറിയുന്നത്. സുഹൃത്തുക്കളോട് ആശയം പങ്കുവച്ചപ്പോൾ അവരും കൂടെ ചേരുകയായിരുന്നു.

ചതുരാകൃതിയിൽ 6 കൂടുകൾ ആണു സ്ഥാപിച്ചത്. 6 മീറ്റർ നീളവും 4 മീറ്റർ വീതിയും ഉള്ള ഒരു കൂട്ടിൽ 1000 മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കും. കാളാഞ്ചിയാണു പ്രധാനമായും വളർത്തുന്നത്. 50 സെന്റീമീറ്റർ നീളമുള്ള മത്സ്യക്കുഞ്ഞുങ്ങളെയാണു നിക്ഷേപിക്കുന്നത്. ആന്ധ്രയിൽ നിന്നാണു മത്സ്യക്കുഞ്ഞുങ്ങളെ കൊണ്ടുവരുന്നത്. ഒന്നിന്നതിന് 42 രൂപ. പൂർണവളർച്ചയെത്തിയ കാളാഞ്ചിക്ക് 3 കിലോഗ്രാം വരെ തൂക്കം വരും. കിലോയ്ക്ക് 600 രൂപ വരെ വിലയുണ്ട്. ഉത്സവ സീസണിൽ 700 രൂപ വരെ വില ഉയരാം. രസാഖിനും സുഹൃത്തിനും സ്വന്തമായി ഓരോ ചീനവലകൾ ഉണ്ട്. വലയിൽ നിന്നു കിട്ടുന്ന ചെറു മത്സ്യങ്ങളാണു തീറ്റയായി നൽകുന്നത് എന്നതിനാൽ മീൻതീറ്റയ്ക്കായി വേറെ ചെലവു വരുന്നില്ല.

അഴീക്കോട് മുനക്കൽ ബീച്ചിൽ കുടുമത്സ്യക്കൃഷി നടത്തുന്ന രസാഖും സംഘവും. കാളാഞ്ചി മത്സ്യം വിളവെടുക്കുന്നു.

കുടുമത്സ്യക്കൃഷിയുടെ ഗുണങ്ങൾ

- ശുദ്ധജലത്തിലും ഉപ്പുവെള്ളത്തിലും മീൻ വളർത്താം.
- കായലിലും പുഴയിലും വലകൾ ഉപയോഗിച്ചു കൂടുകൾ തിരിച്ചാണു മത്സ്യക്കൃഷി ചെയ്യുന്നത്.
- സ്ഥലപരിമിതിയില്ല. ചുരുങ്ങിയ സ്ഥലത്തു കൂടുതൽ മത്സ്യങ്ങളെ വളർത്താം.

ഇക്കാര്യങ്ങൾ ശ്രദ്ധിക്കാം

മത്സ്യക്കുഞ്ഞുങ്ങളെ കൂട്ടിൽ ഇടുന്നതിനു മുൻപു കൂടുകൾ നന്നായി വൃത്തിയാക്കണം. രോഗങ്ങൾ വരാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ എടുക്കണം. സർക്കാരിൽ നിന്നു ലഭിക്കുന്ന സബ്സിഡി, ധനസഹായം എന്നിവയെ പറ്റി കൃത്യമായി അന്വേഷിച്ച് ആനുകൂല്യങ്ങൾ നേടാൻ ശ്രമിക്കുക. പുഴയിലും കായലിലും മീൻ വളർത്തുന്നതിനുള്ള നിയമങ്ങൾ പാലിക്കുക.

കൂടുതൽ വിവരങ്ങൾക്ക് രസാഖ്: 9539188005.

കുടുമത്സ്യക്കൃഷി ചെയ്യുന്ന രീതി

- ശാന്തമായ പുഴയോ കായലോ ആണു കൂടുകൾ സ്ഥാപിക്കാൻ അനുയോജ്യം. കൂടുകൾ സ്ഥാപിക്കുന്ന സ്ഥലത്ത് ആവശ്യത്തിനു വെള്ളം ഉണ്ടായിരിക്കണം. ശക്തമായ നിരന്തരചലനം, മാലിന്യം എന്നിവയിൽ നിന്നു കൂടുകൾ സംരക്ഷിക്കുന്ന സംവിധാനം വേണം.
- വലകൾ ഉപയോഗിച്ചു ചതുരാകൃതിയിലുള്ള കൂടുകൾ ആണു വേണ്ടത്.
- നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ കൂടുകളിൽ നിക്ഷേപിക്കണം. മത്സ്യക്കുഞ്ഞുങ്ങളെ കൂട്ടിൽ നിക്ഷേപിക്കുന്നതിനു മുൻപ്, അവയുടെ വലുപ്പത്തിന് അനുസരിച്ചു കൂടുകളുടെ എണ്ണം ക്രമീകരിക്കണം.
- വിവേചനം, കൃത്യമായ ഇടവേളകളിൽ ഭക്ഷണം നൽകണം.
- കൂടുകളിൽ നിന്നു മാലിന്യം സമയത്തു നീക്കം ചെയ്യണം.